# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3611 17.10.2011-ൽ മറുപടിയ്ക്ക്**

## ഒറ്റപ്പാലം മണ്ഡലത്തിലെ ആശുപത്രികളിലെ ജീവനക്കാരുടെ കുറവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.ഹംസ : | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
| (എ) മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാർ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വിവിധ കാറ്റഗറികളിലായി എത്ര ഡോക്ടർമാരുടെ തസ്തികകൾ ആണ് നിലവിലുള്ളത്; കാറ്റഗറി അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ; | (ബി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ കാറ്റഗറികളിലായി 2094 ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്.<br>പ്രൊഫസർ - 229<br>അസോസിയേറ്റ് പ്രൊഫസർ - 280<br>അസിസ്റ്റന്റ് പ്രൊഫസർ - 538<br>ലക്ചർ - 904<br>ഡെന്റൽ - 143<br><br>ആരോഗ്യവകുപ്പിൽ ആകെ 4722 ഡോക്ടർമാരുടെ തസ്തികകളാണ് നിലവിലുള്ളത്.<br>ആരോഗ്യവകുപ്പ് ഡയറക്ടർ - 01<br>അഡീഷണൽ ഡയറക്ടർ - 14<br>ഡെപ്യൂട്ടി ഡയറക്ടർ - 46<br>അസിസ്റ്റന്റ് ഡയറക്ടർ/സൂപ്രണ്ട് / അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ - 140<br>ജൂനിയർ അഡ്മിനിസ്ട്രേറ്റീവ് മെഡിക്കൽ ഓഫീസർ - 21<br>ചീഫ് കൺസൾട്ടന്റ് - 16<br>സീനിയർ കൺസൾട്ടന്റ് - 50<br>മെഡിക്കൽ കൺസൾട്ടന്റ് - 603<br>ജൂനിയർ മെഡിക്കൽ കൺസൾട്ടന്റ് - 1002<br>സിവിൽ സർജൻ - 815<br>അസിസ്റ്റന്റ് സർജൻ - 2014 |

| | |
|---|---|
| (സി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ സി.എച്ച്.സി.കളിലും പി. എച്ച്.സി.കളിലും ആവശ്യത്തിന് ഡോക്ടർമാരില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ 22 ഡോക്ടർമാരുടെ തസ്തികയുള്ളതിൽ 11 തസ്തികകളിൽ ഡോക്ടർമാർ നിലവിലുണ്ട്. ഡിപ്ലോയ്മെന്റ് മുഖേന 2 ഡോക്ടർമാരുടെ സേവനം കൂടി ലഭ്യമാക്കിയിട്ടുണ്ട്. ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി, അമ്പലപ്പാറ, തച്ചനാട്ടുകര, പേരൂർ, പൂകോട്ടുകാവ്, എലംബുലാശ്ശേരി, കോട്ടപ്പുറം എന്നീ ആശുപത്രികളിൽ ഡോക്ടർമാരുടെ ഒഴിവ് നിലവിലില്ല. കടമ്പഴിപ്പുറത്ത് 5 ഡോക്ടർമാരുടെ തസ്തികകൾ ഉള്ളതിൽ ഒരു സിവിൽ സർജന്റെ ഒഴിവും, ശ്രീകൃഷ്ണപുരത്ത് രണ്ട് ഡോക്ടർമാരുടെ തസ്തികകൾ ഉള്ളതിൽ ഒരു ഡോക്ടറുടെ ഒഴിവുമാണ് നിലവിലുള്ളത്. |
| (ഡി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിലും മറ്റ് സി.എച്ച്.സി.കളിലും പി. എച്ച്.സി.കളിലും ആവശ്യത്തിന് പാരാമെഡിക്കൽ സ്റ്റാഫും മറ്റും ഇല്ലാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കു-വാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) പാലക്കാട് ജില്ലയിലെ ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്തുന്നതിനായി പി.എസ്.സി.യ്ക്ക് റിപ്പോർട്ടു ചെയ്യുന്നതിന് ജില്ലാ മെഡിക്കൽ ആഫീസിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള പാരാമെഡിക്കൽ തസ്തികയിൽ ഒരു ലാബ് ടെക്നീഷ്യൻ തസ്തിക ഒഴിച്ച് ബാക്കി എല്ലാ തസ്തികയിലും ജീവനക്കാർ നിലവിലുണ്ട്. അതുപോലെ മറ്റ് സാമൂഹ്യാരോഗ്യകേന്ദ്രത്തിലും, പ്രാഥമികാരോഗ്യകേന്ദ്രത്തിലും നിലവിലുള്ള ഏതാനും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ